**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 297** **26-10-2021 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എ. രാജ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സുഭിക്ഷ കേരളം പദ്ധതിയിലൂടെ സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഉല്പാദന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഉല്പാദന വർദ്ധനവിനനുസരിച്ച് ഉല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സുഭിക്ഷ കേരളം പദ്ധതിയിലൂടെ സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഉല്പാദന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉല്പാദന വർദ്ധനവിനനുസരിച്ച് ഉല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് 19 കാരണമുണ്ടായ അടച്ചിടലിന്റെ പശ്ചാത്തലത്തിൽ കർഷകർക്ക് ഉത്പന്നങ്ങൾ വിറ്റഴിക്കുവാൻ സാധികാത്ത സാഹചര്യമുണ്ടായി.ഇത് പരിഹരിക്കുന്നതിന് സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി,നേന്ത്രൻ, കൈതച്ചക്ക , കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ് , കാരറ്റ് ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും , അതിൻ പ്രകാരം ഉത്പന്നങ്ങൾ, നിലവിലെ മാർക്കറ്റ് വിലയ്ക്ക് തിരഞ്ഞെടുത്ത 550 വിപണികൾ വഴി |

സംഭരിക്കുകയും ചെയ്യുന്നു. ഇതിൽ 250 വിപണികൾ PACS ന്റെയും, 300 വിപണികൾ കൃഷി വകുപ്പിന്റേതുമാണ്. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ടു വിപണനം നടത്തി വരുന്നു. സംസ്ഥാന കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ 1884 മാർക്കറ്റുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി 562 പുതിയ ആഴ്ച്ചച്ചന്തകൾ വഴിയും, മുഖ്യമന്ത്രിയുടെ നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി തുടങ്ങിയ 100 നഗര വഴിയോര ചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു. കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിനുമായി കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സംഭരണ സംസ്കരണ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയ്ക്കും സർക്കാർ സഹായം നൽകുന്നു. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചനയിലാണ് .
കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദന വർദ്ധനവിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ-വിപണനത്തിനുമായി സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുകയും

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. കൂടാതെ വി.എഫ്.പി.സി.കെ മുഖേന 20 എഫ്.പി.ഒ കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. നെല്ല്, തെങ്ങ്, പാൽ ഉൽപ്പന്നങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുവിളകൾ, പൈനാപ്പിൾ, ചക്ക, വാഴ, തേൻ, സുഗന്ധവിളകൾ, കൊക്കോ, കശുവണ്ടി, കൂവ, റബ്ബർ, വെറ്റില, മുളക്, ചെറുധാന്യങ്ങൾ എന്നീ വിളകൾ അടിസ്ഥാനമാക്കിയാണ് എഫ്.പി.ഒ.കൾ രൂപീകരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ എഫ്.പി.ഒ. രൂപീകരണ പദ്ധതി പ്രകാരം 44 എഫ്.പി.ഒ.കൾ കേരളത്തിൽ ആരംഭിക്കുന്നതിൽ 28 എണ്ണം ഇതിനകം രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം കൃഷി വകുപ്പിലൂടെയും സഹകരണ വകുപ്പിന് സബ്സിഡി നൽകിയും നടപ്പിലാക്കുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB യുടെ സാമ്പത്തിക സഹായത്തോടെ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കാർഷികോല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കായി സർക്കാർ ഉടമസ്ഥതയിൽ രൂപീകരിക്കുന്ന കമ്പനിയിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുമോ; വിശദമാക്കാമോ; | (ബി) | കമ്പനി രൂപീകരണത്തിൽ കർഷ പ്രതിനിധികളുടെ പങ്കാളിത്തം പരിഗണിക്കുന്നതാണ്. കാർഷികോല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കായി 2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 അഗ്രോ പാർക്കുകൾ കേരളത്തിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ പാർക്കുകളുടെ പ്രവർത്തനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിക്കുവാൻ ലക്ഷ്യമിടുന്നു. കാർഷിക മേഖലയിൽ മൂല്യവർധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB യുടെ സാമ്പത്തിക സഹായത്തോടെ അഗ്രോപാർക്കുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. |
| (സി) | പ്രസ്തുത കമ്പനി നിലവിൽ വരുന്നതോടെ കർഷകർക്ക് എന്തെല്ലാം പ്രയോജനങ്ങൾ ലഭ്യമാകും; വിശദാംശങ്ങൾ നൽകുമോ? | (സി) | പ്രസ്തുത കമ്പനി നിലവിൽ വരുന്നതോടെ ഉൽപ്പന്നങ്ങൾ പാഴായി പോകുന്നത് കുറയ്ക്കുവാൻ സഹായിക്കും. പ്രാഥമിക സംസ്കരണം, തരംതിരിക്കൽ, ഗ്രേഡിംഗ് മെച്ചപ്പെട്ട സംഭരണം, മറ്റ് ആധുനിക പൊതു അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, മൂല്യവർദ്ധനവ് എന്നിവയിലൂടെ അവയുടെ ഷെൽഫ് ലൈഫ് വർദ്ധിക്കുന്നു. മെച്ചപ്പെട്ട സംഭരണം, വില, ഇടനിലക്കാരുടെ ചൂഷണം കുറയ്ക്കൽ, പരിശീലനവും നൂതന സാങ്കേതികവിദ്യാ കൈമാറ്റം, എന്നീ പ്രയോജനപ്രദമായ കാര്യങ്ങൾ കർഷകന് ലഭിക്കുന്നു. പൊതുവായ അടിസ്ഥാന സൗകര്യങ്ങൾ, നൂതന സാങ്കേതികവിദ്യയുടെ പ്രയോജനം, കയറ്റുമതി അവസരങ്ങൾ എന്നിവയും ലഭിക്കുന്നു. പൂർണ്ണമായോ ഭാഗികമായോ നേരിട്ടുള്ളതും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. ഉൽപന്ന ശ്രേണിയിലെ വർധനയിലൂടെ വ്യാപാരികൾക്ക് മെച്ചപ്പെട്ട ഗുണമേന്മയുള്ള വസ്തുക്കൾ ലഭിക്കുകയും, ഉപഭോക്താവിന് കുറഞ്ഞ വിലക്ക് ഉൽപ്പന്നങ്ങൾ ലഭിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ